# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3/1148/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 11/11/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3/1148/2025 തീയ്യതി: 11/11/2025

# ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-06-2024 മുതൽ 14-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് സി. ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2025 | 20-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2025 | 20-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ റ്റി.എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ ഇ.വി ജിബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എം.കെ അഭിലാഷ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എ. അലി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അരുൺ മോഹൻ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.സി സുരേഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അജി കെ.തോമസ് | സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീമതി ആർ. അനിജ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2024 | 15-10-2024 |
| ശ്രീമതി സിമി കെ.ജോർജ്ജ് | സെക്രട്ടറി | 16-10-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജി കെ.തോമസ് (സെക്രട്ടറി) | അസിസ്റ്റന്റ് എഞ്ചിനീയർ-ചാർജ്ജ് | 01-04-2024 | 05-08-2024 |
| ശ്രീമതി കെ.ജി. ഷീജ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2024 | 26-09-2024 |
| ശ്രീമതി എസ്സ് ശ്രീന | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2024 | 31-03-2025 |
| ശ്രീമതി ലിനറ്റ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2024 | 30-01-2025 |
| ശ്രീമതി അന്ന ഇമ്മാനുവൽ | കൃഷി ഓഫീസർ | 31-01-2025 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി ആർ. അനിജ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി കെ.കെ രാധാമണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 19-08-2024 |
| ശ്രീമതി സ്നേഹ സേവ്യർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-08-2024 | 31-03-2025 |
| ഡോ എസ് അജു കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2024 | 23-07-2024 |
| ഡോ. എവിൻ എബ്രഹാം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 24-07-2024 | 03-10-2024 |
| ഡോ. കെ. ഐശ്വര്യ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 04-10-2024 | 18-11-2024 |
| ഡോ. റ്റിജു പി.ജോസഫ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 19-11-2024 | 03-01-2025 |
| ഡോ. കെ. ഐശ്വര്യ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 04-01-2025 | 31-03-2025 |
| ഡോ. എ. ആഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 07-09-2024 |
| ഡോ. ജി.എസ് ആദർശ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08-09-2024 | 28-10-2024 |
| ഡോ. എ. ആഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 29-10-2024 | 31-03-2025 |
| ഡോ. രഞ്ജുഷ മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 17-07-2024 |

| | | | |
|---|---|---|---|
| ഡോ. കെ. അരുൺ രാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-07-2024 | 31-03-2025 |
| ഡോ. റോസ് മേരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീ സുർജിത് ശശി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 19-09-2024 |
| ശ്രീമതി വി. രമ്യ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-09-2024 | 31-03-2025 |
| ശ്രീമതി കാതറിൻ ജെമ്മ | ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി. സ്കൂൾ | 01-04-2024 | 17-06-2024 |
| ശ്രീമതി എൻ.വി ഗിരിജാകുമാരി | ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി. സ്കൂൾ | 18-06-2024 | 31-03-2025 |
| ശ്രീമതി കെ.എൻ മിനിമോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ പി. കണ്ണൻ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2024 | 30-08-2024 |
| ശ്രീമതി റോണിയ റോസ്സ് ജോർജ്ജ് | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 31-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷികക്കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വസ്തുനികുതി & സ്ഥാപനത്തൊഴിൽ നികുതി - ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു | 1-1-5 |
| 7 | തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | Prior Period Item - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 13 | ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ലാപ്സാകുന്ന തുക 4,07,749/- | 1-3-2 |
| 14 | ഗ്രാന്റ് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമപെൻഷനുകൾ | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-8 |

| | | |
|---|---|---|
| 20 | വാർഷികധനകാര്യപത്രികയിലെ വസ്തുനികുതിയുടെ കണക്കുകൾ സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-9 |
| 21 | തനത് ഫണ്ട് - കറന്റ് അക്കൗണ്ടുകളിൽ അവശേഷിക്കുന്നു വൻതുകകൾ പലിശലഭിക്കുന്ന അക്കൗണ്ടുകളിലേക്ക് മാറ്റുന്നില്ല. | 1-10 |
| 22 | തൊപ്പിപ്പാള കുടിവെള്ളപദ്ധതി പൂർത്തീകരണം - ലക്ഷ്യബോധമില്ലാത്ത പദ്ധതിനിർവ്വഹണം - പാഴ്ച്ചെലവ് | 1-11 |
| 23 | ചന്ദ്രൻ കവല കുടിവെള്ളപദ്ധതി മെയിന്റനൻസ് - നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചു. - 4,336/- നിരാകരിക്കുന്നു | 1-12 |
| 24 | അയ്യപ്പൻകോവിൽ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് - ലക്ഷ്യം നിറവേറ്റിയില്ല. | 1-13 |
| 25 | സർക്കാർ സാധൂകരണം ഇല്ലാതെ ലേലത്തുകയിൽ ഇളവ് അനുവദിച്ച് കരാറുകാരന് ലേലത്തുക തിരികെ നൽകി - 1,26,457/-തടസ്സപ്പെയുത്തുന്നു | 1-14 |
| 26 | വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഉപകരണങ്ങൾ വാങ്ങി - 3,95,235/- തടസ്സപ്പെടുത്തുന്നു | 1-15 |
| 27 | വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഉപകരണങ്ങൾ വാങ്ങി - 3,99,876/- തടസ്സപ്പെടുത്തുന്നു | 1-16 |
| 28 | എം.സി.എഫ് - ൽ അടിസ്ഥാനപശ്ചാത്തലസൗകര്യമൊരുക്കൽ - നിർമ്മാണം പൂർത്തീകരിക്കുവാൻ പദ്ധതിയിൽ തുകു വകയിരുത്തിയില്ല. | 1-17 |
| 29 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത്ഫണ്ടിൽ ഒടുക്കുന്നില്ല | 1-18 |
| 30 | ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 31 | വിവിധ ലൈഫ് ഭവനനിർമ്മാണ പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-20 |
| 32 | അങ്കണവാടി പോഷകാഹാരം - അർഹതയുള്ള ജി.എസ്.ടി.തുക അനുവദിച്ചില്ല. | 1-21 |
| 33 | പാലിയേറ്റീവ് പരിചരണം - കെ.എം.എസ്.സി.എൽ.- ൽ നിന്നും മരുന്നുകൾ നാളിതുവരെയും ലഭിച്ചില്ല. | 1-22 |

| | | |
|---|---|---|
| 34 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചില്ല | 1-23 |
| 35 | നിക്ഷേപപ്രവൃത്തികൾ - പൂർത്തീകരിച്ചില്ല - 19,66,500/- തടസ്സപ്പെടുത്തുന്നു | 1-24 |
| 36 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല | 1-25 |
| 37 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-26 |
| 38 | ജൽജീവൻ മിഷൻ - അവലോകനം | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പയുടെ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാ ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ, ചാപ്റ്റർ 4.2.1 & 11.3, സംഠ കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2025 – ലെ 1 (1) -ാം നമ്പർ കമ്മിറ്റി തയ്യാറാക്കി 31.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാഞ്ചിയാർ ഗ്രാമപ്പ മാർച്ച് 31 – ന് അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻ എന്നിവയും, 31.03.2025 – ലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡി അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എ

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങ സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധി ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തില ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശ അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ( സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാഞ്ചിയാർ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷ സാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധ ചിത്രം നൽകുന്നു.

തൊടുപുഴ
11.11.2025

ഡെപ്യൂട്ടി ഡയറക്

**1-1-1 വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011 - ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്ര ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജ ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനു വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' - ൽ രേഖ (₹17,58,456/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Acti രേഖപ്പെടുത്തിയ തുകയും (-₹84,42,711/-) തുല്യമല്ല.

**1-1-3 വാർഷികക്കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരു**

വസ്തുനികുതി, വാടക എന്നീയിനങ്ങളുടെ വാർഷികക്കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 വസ്തുനികുതി & സ്ഥാപനത്തൊഴിൽ നികുതി - ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെ**

വസ്തുനികുതിയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടു സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 31.03.2025 - ൽ മാത്രമാണ് ഡ രേഖപ്പെടുത്തിയത്. സ്ഥാപനത്തൊഴിൽ നികുതിയുടെ എൻട്രികളും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തു

**1-1-5 അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാ**

അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അ വാർഷികധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക (₹) | ഡിപ്രീസിയേ (₹) |
|---|---|---|
| പ്ലാന്റ് & മെഷിനറി | 0 | |
| വാട്ടർവേയ്സ് | 0 | |

**1-1-6 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങ വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനാ

**1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. - ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചാ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01.04.2023 - ൽ മുന്നിരിപ്പായു ആസ്തികളുടെ മൂല്യം വാർഷികകണക്കിൽ നിശ്ചിതശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് കാലികവുമായ അനുബന്ധരേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിരആസ്തി, ഉൽപാദന മേഖല ആ ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപനആസ്തി, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി വിഭജനമാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവ 31.03.2024 - ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും കൃത്യതയും വ്യക്തമല്ല.

**1-1-8 ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല**

തൻവർഷം നാല് പൊതുമരാമത്ത് പ്രവൃത്തികളിലായി ₹7,32,108/- പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും Capital Work-In-Progress എന്ന ശീർഷകത്തിൽ ₹5,00,194/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-1-9 Prior Period Item - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകു വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-19) പ്രകാരം "190100101 – Prior Period Income" എന്ന ഷെ താഴെ പറയുന്ന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കി ലെഡ്ജർ പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ഷെഡ്യൂൾ | ശീർഷകം | 31.03.2025 – ലെ ലെഡ്ജർ ബാക്കി (₹) |
|---|---|---|
| ഷെഡ്യൂൾ I-19 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് | 190100101 - Prior Period Income - Propoerty Tax | 14,917 |

**1-2 ബജറ്റ്**

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 30.01.2024 – ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം ₹14,65 ₹29,71,69,500/- വരവും ₹29,56,35,460/- ചെലവും ₹30,00,000/- നീക്കിയിരിപ്പും പ്രതീക്ഷ പ്രാഥമികബജറ്റ്, പഞ്ചായത്ത് ഭരണസമിതി 08.02.2024 – ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

**പുതുക്കിയ ബജറ്റ്**

| ഇനം | ബജറ്റ് പ്രകാരം (₹) |
|---|---|
| മുന്നിരിപ്പ് | |
| വരവ് | |
| ആകെ | |
| ചെലവ് | |
| നീക്കിയിരിപ്പ് | |

ഭരണസമിതി അംഗീകരിച്ച തീയതി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/തീ നൽകിയതിന് മറുപടി ലഭിച്ചില്ല.

**1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

**1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല**

**വികസന ഫണ്ട് – പൊതുവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം. 1625/2025/ധന. തീയതി. 20.02.2025 | 75,90,400/- | 15,43,499 (ലൈഫ് വായ്പ തിരിച്ചടവ്) | |
| 2 | സ.ഉ.(സാധാ)നം. 3510/2024/ധന. തീയതി. 19.04.2024 | 75,90,300/- | 13,14,000/- (അങ്കണവാടി ജീവനക്കാരുടെ വേതനം) | |
| 3 | സ.ഉ.(സാധാ)നം. 9106/2024/ധന. തീയതി. 07.12.2024 | 75,90,300/- | ₹15,40,698/- (ലൈഫ് വായ്പ തിരിച്ചടവ്) | |

**വികസന ഫണ്ട് – പട്ടികജാതിവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ |
|---|---|---|---|---|

| | | | | തുക (₹) |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം. 1625/2025/ധന. തീയതി. 20.02.2025 | 10,98,600/- | 2,78,566/- (ലൈഫ് വായ്പ തിരിച്ചടവ്) | 8,20,034 |
| 2 | സ.ഉ.(സാധാ)നം. 9106/2024/ധന. തീയതി. 07.12.2024 | 10,98,700/- | 2,82,078/- (ലൈഫ് വായ്പ തിരിച്ചടവ്) | 8,16,622 |

**വികസന ഫണ്ട് – പട്ടികവർഗ്ഗവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക (₹) |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം. 1625/2025/ധന. തീയതി. 20.02.2025 | 7,28,400/- | 5,52,743/- (ലൈഫ് വായ്പ തിരിച്ചടവ്) | 1,75,657/- |
| 2 | സ.ഉ.(സാധാ)നം. 9106/2024/ധന. തീയതി. 07.12.2024 | 7,28,300/- | 5,51,792/- (ലൈഫ് വായ്പ തിരിച്ചടവ്) | 1,76,508/- |

**2. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല**

തൻവർഷം ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃതഫണ്ട്, കേന്ദ്രാവിഷ്കൃതഫണ്ട് എന്നിവ ഗ്ര
വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-3-2 ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ലാപ്സാകുന്ന തുക ₹4,**

15.07.2021 - ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫ
കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമേ അടുത്ത സാമ്പത്തികവ
ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർക്കും പ്രകാരം ഗ്രാമപ്പഞ്ചായത്തിന് 2026 - 2027 - ൽ നം

| ഗ്രാന്റ് ഇനം. | അലോട്ട്മെന്റ് (₹) | ചെലവ് (₹) | ചെലവ് (%) | 2025-2026 - ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) |
|---|---|---|---|---|
| സംരക്ഷണഗ്രാന്റ് - റോഡിതരം | 98,49,000/- | 74,72,436/- | 75.86 | 19,69,800/- |

**1-3 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെല (₹) |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 2,27,71,000 | 2,27,71,000 | 2,26,60 |
| | എസ്.സി.പി. | 0 | 32,96,000 | 32,96,000 | 32,80 |
| | റ്റി.എസ്.പി. | 0 | 21,85,000 | 21,85,000 | 21,81 |
| സംരക്ഷണഗ്രാന്റ് | റോഡ് | 0 | 2,98,48,000 | 2,98,48,000 | 2,46,7 |
| | റോഡിതരം | 0 | 98,49,000 | 98,49,000 | 74,72 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (എ.സി.ആർ. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ഉപാധി | 46,37,319 | 96,17,895 | 1,42,55,214 | 65,1 |
| | ഉപാധിരഹിതം (ബാങ്ക്) | 34,30,618 | 38,36,383 | 80,13,498 | 67,64 |
| | ഉപാധിരഹിതം (ട്രഷറി) | 0 | 4,17,496 | | |
| | ഉപാധിരഹിതം (പലിശ) | 0 | 3,29,001 | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ്. | 21,91,953 | 34,94,676 | 56,86,629 | 9,98 |
| | സമ്പൂർണശുചിത്വം | 2,43,450 | 4,08,000 | 6,51,450 | 6,51 |
| സംസ്ഥാനാ വിഷ്കൃതഫണ്ടുകൾ | പകർച്ചവ്യാധിനിയന്ത്രണം | 3,26,784 | 0 | 3,26,784 | 0 |
| | ലൈഫ് സംസ്ഥാനവിഹിതം | 35,85,616 | 0 | 35,85,616 | 15,70 |
| | പട്ടികവർഗവികസനം | 1,07,927 | 0 | 1,07,927 | 0 |
| | സാമൂഹ്യനീതി വകുപ്പ് | 12,000 | 0 | 12,000 | 0 |
| | സമ്പൂർണശുചിത്വം | 0 | 48,000 | 48,000 | 48 |
| ഹെൽത്ത് ഗ്രാന്റ് | ഡയഗ്നോസ്റ്റിക് | 16,205 | 3,59,492 | 3,75,697 | 4 |
| | വെൽനസ്സ് സെന്റർ | 40,339 | 5,75,721 | 6,16,060 | 35 |

## 1-4 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ്(₹) | നടപ്പാക്കാത്ത (എണ്ണം) |
|---|---|---|---|---|
| 327 | 29,09,89,712 | 234 | 9,24,03,309 | 93 |

**എ. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം.**

| നിർവഹണോദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) | പദ്ധതി അടങ്കൽ (₹) | പദ്ധ ചെ ( |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 14 | 82.35 | 69,07,435 | 29, |
| വെറ്ററിനറി സർജൻ | 12 | 10 | 83.33 | 35,19,961 | 25, |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 16 | 13 | 81.25 | 45,17,077 | 32, |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1 | 50.00 | 2,65,000 | 2, |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 8 | 7 | 87.50 | 17,71,000 | 17, |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 100.00 | 2,00,000 | 1 |
| വി.ഇ.ഒ. | 39 | 32 | 82.05 | 18,62,84,486 | 2,05, |
| ICDS സൂപ്പർവൈസർ | 19 | 19 | 100.00 | 71,98,293 | 61 |
| സെക്രട്ടറി | 56 | 34 | 60.71 | 1,50,07,499 | 1,32, |
| ഹെഡ്മാസ്റ്റർ | 6 | 4 | 66.67 | 5,04,000 | 4, |
| അസിസ്റ്റന്റ് എഞ്ചിനീയർ | 141 | 92 | 65.25 | 5,99,39,248 | 3,81, |

| | | | | | |
|---|---|---|---|---|---|
| ക്ഷീരവികസന ഓഫീസർ | 2 | 1 | 50.00 | 17,00,000 | 8,5 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 87.50 | 31,75,713 | 22, |
| ആകെ | 327 | 235 | 71.56 | 29,09,89,712 | 9,24, |

**ബി. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം.**

| മേഖല | പദ്ധതികൾ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ( |
|---|---|---|---|---|
| ഉല്പാദനം | 31 | 1,26,99,135 | 68,19,796 | |
| സേവനം | 201 | 23,03,48,319 | 5,13,91,112 | |
| പശ്ചാത്തലം | 95 | 4,79,42,258 | 3,42,04,401 | |
| ആകെ | 327 | 29,09,89,712 | 9,24,15,309 | |

**സി. പ്രത്യേക ഘടകപദ്ധതിയുടെ ചെലവ് വിവരം.**

| ഘടകം | ആവിഷ്കരിച്ച പദ്ധതികൾ | പൂർത്തിയാക്കിയ പദ്ധതികൾ | അടങ്കൽ (₹) | ചെലവ് (₹) | ചെല ശതമാന |
|---|---|---|---|---|---|
| വനിതാഘടകപദ്ധതി | 14 | 12 | 48,95,610 | 29,61,117 | 60.4 |
| കുട്ടികൾ | 8 | 8 | 7,66,393 | 7,24,324 | 94.5 |
| വൃദ്ധർ | 3 | 3 | 10,48,000 | 9,87,006 | 94.1 |
| ഭിന്നശേഷിക്കാർ | 3 | 3 | 9,56,637 | 3,12,268 | 32.6 |
| പാലിയേറ്റീവ് കെയർ പദ്ധതി | 1 | 1 | 9,99,900 | 9,99,692.00 | 99.9 |
| അതിദരിദ്ര്യർക്ക് മൈക്രാ പ്ലാൻ | 7 | 6 | 54,48,700 | 14,50,466.00 | 26.6 |
| ദുരന്തനിവാരണം | 1 | 1 | 1,00,000 | 60,001 | 60.0 |
| ആകെ | 37 | 34 | 1,42,15,240 | 74,94,874 | 52.7 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ( |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 6 | 23,79,923 | 23,79,929 | 23,79,929 | |
| വിദഗ്ധതൊഴിലാളി വേതനം | 0 | 5,71,500 | 5,71,500 | 5,71,500 | |
| അവിദഗ്ധതൊഴിലാളി വേതനം | 0 | 5,01,77,232 | 5,01,77,232 | 5,01,77,232 | |
| മെറ്റീരിയൽ ജോലി | 0 | 68,99,700 | 68,99,700 | 68,99,700 | |

ഭരണച്ചെലവുകൾ ഒഴികെ ഉള്ളത് ക്യാഷ് ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതാണ്.

**1-6 ക്ഷേമപെൻഷനുകൾ**

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താ

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭേ |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 19,06,200 | |
| വിധവപെൻഷൻ | 1,31,61,800 | |
| വാർദ്ധക്യകാലപെൻഷൻ | 39,68,500 | |
| വികലാംഗപെൻഷൻ | 45,49,000 | |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,63,000 | |

**1-7 ക്യാഷ് ബാലൻസ് പരിശോധന**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് 17.09.2025 – ന് ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹9,250/- (ഒൻപതിനായിരത്തിയിരത്തി രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

**1. ഓഫീസ് സംവിധാനം**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ്, നാല് സീനിയർ ക്ലർക്കുമാർ, നാല് ക്ല അസിസ്റ്റന്റ്, പാർട്ട് ടൈം ലൈബ്രേറിയൻ, ഒരു ഡ്രൈവർ, കരാറടിസ്ഥാനത്തിലുള്ള 2 ജീവ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവു പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ ഭൗതിക പരിശോധന**

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതിക നടത്തുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. തെരുവുവിളക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. രജിസ്റ്റർ ത തെരുവുവിളക്കുകളുടെ വിവരം പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തുന്നില്ല.

**3. ബജറ്റ്**

വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസവരവ് – ചെലവ് കണക്ക് ഋ
കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെ
രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥ
ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യസ്റ്റാൻറ
വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാര
പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. വാങ്ങൽ നടപടി ക്രമങ്ങൾ.**

വാങ്ങൽ നടപടി ക്രമങ്ങളിൽ, കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് റേ
നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായിപാലിക്കുന്നില്ല. ആവശ്യകതാ നി
നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തികവർഷത്ത
അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെ
ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ത
പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമ
മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക
വർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B)). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല.

**5. തനതു വരുമാനം**

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തികവികസനം നടത്തുന്നതിനും പഞ
പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

**6. മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘ
ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിട്ട
പ്രവർത്തനം കാര്യക്ഷമമല്ല.

**7. ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്. പലിശരഹിതഅക്കൗ
നീക്കിയിരുപ്പുണ്ട്.

**8. <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവര
രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**9. <u>വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ.</u>**

പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**10. <u>ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം</u>**

1997 - ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ട
ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോ
പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**11. <u>മരാമത്ത് പ്രവൃത്തികൾ.</u>**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണ
നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതി
ആകുന്നതും ന്യൂനതയാണ്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യവും പഞ്ചായത്തിന്റെ വിസ്തൃതി
സമയബന്ധിതമായ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. പദ്ധതി ഫോർമാറ്റിൽ ക്രമനമ്പർ 36 ആസ്തിയു
രേഖപ്പെടുത്താനുള്ളതാണെങ്കിലും അത്തരം രേഖപ്പെടുത്തൽ നടത്തുന്നില്ല എന്നുമാത്രമല്ല
കാലികമാക്കിയിട്ടുമില്ല. ആയതിനാൽ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ആസ്തിയിൽ തന്നെയാണോ നിർമ
എന്ന് ഉറപ്പാക്കാനാവുന്നില്ല. നിർമ്മിച്ചിരിക്കുന്ന കുടിവെള്ളപദ്ധതികൾ പോലും ശരിയായ രീതിയിൽ പ്ര
സാധിച്ചിട്ടില്ല.

**<u>1-9 വാർഷികധനകാര്യപത്രികയിലെ വസ്തുനികുതിയുടെ കണക്കുകൾ സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല</u>**

വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. രജിസ്റ്ററിലെയും വസ്തുനികുതിക്കണക്കുകളുടെ വിശ
രേഖപ്പെടുത്തുന്നു.

| ഇനം | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | | സഞ്ചയ പ്ര | |
|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക |
| വസ്തുനികുതി - പാർപ്പിടം – പാർപ്പിടേതരം | 49,99,224 | 50,13,128 & 9,948 (Advance) | - | 52,67,082 | 52,7 |

കണക്കുകളിൽ വ്യത്യാസം വന്നത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട്, ന

അന്വേഷണക്കുറിപ്പിന് (നം.10/18.09.2025) മറുപടി നൽകിയില്ല. കണക്കുകൾ കൃത്യമാക്കി വിവരമറിയിക്കേ

**1-10 തനത് ഫണ്ട് – കറന്റ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന വൻതുകകൾ പലിശലഭിക്കുന്ന അക്കൗ മാറ്റുന്നില്ല.**

പലിശരഹിതഓൺലൈൻ പേമെന്റ്/E-പേമെന്റ് അക്കൗണ്ടുകളിൽ നിന്ന് കാലാകാലങ്ങളിൽ പഞ്ചാ

ലഭിക്കുന്ന അക്കൗണ്ടുകളിലേയ്ക്ക് പണം മാറ്റുന്നില്ല. പ്രസ്തുത അക്കൗണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | 31.03.2025 – ലെ നീക്കിയിരിപ്പ് തുക (₹) | 19.09.2025 – ലെ നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|
| 1 | SBI 63428 | 14,50,227/- | 15,10,261/- |
| 2 | SBI 71901 | 25,32,966/- | 35,80,936/- |

ഓൺലൈൻ പേമെന്റ്/E-പേമെന്റ് അക്കൗണ്ടുകളിൽ നിന്നുള്ള തുകകൾ, പലിശ ലഭിക്കുന്ന അക്കൗ

നിക്ഷേപിക്കേണ്ടതാണ്.

**1-11 തൊപ്പിപ്പാള കുടിവെള്ളപദ്ധതി പൂർത്തീകരണം – ലക്ഷ്യബോധമില്ലാത്ത പദ്ധതിനിർവ്വഹണം – പ**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 266/25, തൊപ്പിപ്പാള കുടിവെള്ളപദ്ധ പൂർത്തീകരണം |
| അടങ്കൽ (₹) | 3,04,300/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ആകെച്ചെലവ് (₹) | 2,94,027/- |
| ബിൽ നം./തീയതി/തുക (₹) | 1) XVFC/2024-25/P/14/23.05.2024/2,79, |
| | 2) XVFC/2024-25/P/14/23.05.2024/5,0 |
| | 3) XVFC/2024-25/P/14/23.05.2024/9,7 |

മേൽ പദ്ധതിയിൽ തൊപ്പിപ്പാള ടൗണിൽ നിലവിലുണ്ടായിരുന്ന ഒരു കുഴൽക്കിണർ വൃത്തിയാക്കി 2 HP

സമീപത്തായി അഞ്ച് അടി ഉയരത്തിൽ ഇരുമ്പ് സ്റ്റാന്റ് നിർമ്മിച്ച് അതിൽ 5000 ലിറ്ററിന്റെ ഒരു ടാ

ടാങ്കിനോട് ചേർന്ന് 18 ഡിസ്ട്രിബ്യൂഷൻ പൈപ്പ് ഘടിപ്പിക്കാവുന്ന രീതിയിൽ ഒരു സെൻട്രലൈസ്ഡ് ഡി

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും സമീപത്തുള്ള വളരെ ചെറിയ ഒരു വ്യാപാരസ്ഥാപനത്ത പൈപ്പ് സ്ഥാപിച്ച് വെള്ളം നൽകിയിട്ടുള്ളത്. തറയിൽ നിന്നും ഏകദേശം അഞ്ച് അടി മാത്രം ഉയരത്ത ചാനൽ ഘടിപ്പിച്ചിട്ടുള്ളതിനാൽ മറ്റിടങ്ങളിലേക്ക് പൈപ്പ് വഴി വെള്ളം കൊണ്ടുപോകുവാൻ കുടിവെള്ളപദ്ധതിക്ക് ₹2,94,027/- ചെലവഴിച്ചിട്ട് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ലാത്തതിനാൽ നടപ്പാക്കിയത് പാഴ്ച്ചെലവായി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 18.09.2 ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15) – ന് മറുപടി നൽകിയില്ല. ടി പദ്ധതി ജനങ്ങൾക്ക് പ്രയോജ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.



**1-12 ചന്ദ്രൻ കവല കുടിവെള്ളപദ്ധതി മെയിന്റനൻസ് – നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് പണം അനുവദി നിരാകരിക്കുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 274/25, ചന്ദ്രൻ കവല കുടിവെള്ളപദ്ധതി മെയിന്റനൻസ് |
| അടങ്കൽ (₹) | 1,20,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ എം.ജി. ബാലകൃഷ്ണൻ |
| ചെലവ് (₹) | 1,20,000/- |
| ബിൽ നം./തീയതി/തുക (₹) | 1) XVFC/2024-25/P/4/21.05.2024/1,15,576/- |
| | 2) XVFC/2024-25/P/5/21.05.2024/4,424/- |

മേൽ പദ്ധതിയിൽ, മോട്ടോർ ഷെഡ്, 2 HP മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹ ഇ-എം. ബുക്കിലും റണ്ണിംഗ് അക്കൗണ്ട് ബില്ലും ഉൾപ്പെടുത്തിയിട്ടുള്ള മോട്ടോർ ഷെഡിന് പ്രൈം ചെയ്തിട്ടുള്ളത്. രണ്ട് കോട്ട് പെയിന്റിംഗ് എന്ന ഇനം നിർവ്വഹിച്ചിട്ടില്ലെന്ന് ഓഡിറ്റ് വേളയിലെ സ്ഥ ബോദ്ധ്യപ്പെട്ടു. ഇതിനായി 38.687 ചതുരശ്രമീറ്ററിന് ₹ 112.08/- നിരക്കിൽ ₹4,336/- നൽകിയിരിക്കുന്ന

പ്രവൃത്തിക്ക് പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.09.2025 – ന് അന്വേഷണക്കുറിപ്പ് നം. 13 – ന് മറുപടി നൽകിയില്ല. നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക ₹ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാ

**<u>1-13 അയ്യപ്പൻകോവിൽ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് – ലക്ഷ്യം നിറവേറ്റിയില്ല.</u>**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 192/25, അയ്യപ്പൻകോവിൽ കംഫർട്ട് സ്റ്റേ മെയിന്റനൻസ് |
| അടങ്കൽ (₹) | 94,467/- (വികസന ഫണ്ട് – ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ചെലവ് (₹) | 94,467/- |
| ബിൽ നം. /തീയതി | 24100852013400160220/09.05.2024 |

ഗ്രാമപ്പഞ്ചായത്ത് നിർമ്മിച്ച് ലേലം ചെയ്തു നൽകിയിട്ടുള്ള നിലവിലുണ്ടായിരുന്ന കംഫർട്ട് സ്റ്റേഷന്റെ മുറ്റം ഏറ്റെടുത്തിട്ടുള്ള മേൽ പദ്ധതി സംബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കംഫർട്ട് സ്റ്റേഷൻ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ളതാണെന്ന് മനസ്സിലാക്കുവാൻ കഴിയുന്ന യാതൊരു ബോർഡും സ്ഥ ലേലത്തിലെടുത്തിട്ടുള്ള വ്യക്തി തന്റെ സ്വകാര്യസ്ഥാപനം പോലെ കച്ചവടത്തിനായി മാത്രം ഉപയോഗിച്ച സൗകര്യങ്ങൾ, ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുന്ന നിലയിലാണ്. വരാന്തയിൽ വ്യാപാരത്തിന വെച്ചിരിക്കുന്നു. പഞ്ചായത്ത് ഏതൊരു ലക്ഷ്യത്തിന് വേണ്ടിയാണോ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്തു അപ്രകാരമുള്ള ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ 18.09.2 അന്വേഷണക്കുറിപ്പ് നം.9 നൽകിയതിന്, മറുപടി ലഭിച്ചില്ല. ഇക്കാര്യത്തിൽ ഭരണസമിതി അടിയ കംഫർട്ട് സ്റ്റേഷൻ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ



**<u>1-14 സർക്കാർ സാധൂകരണം ഇല്ലാതെ ലേലത്തുകയിൽ ഇളവ് അനുവദിച്ച് കരാറുകാരന് ലേലത്തുക തി ₹1,26,457/-തടസ്സപ്പെടുത്തുന്നു</u>**

| | |
|---|---|
| വൗച്ചർ നമ്പർ/തീയതി/തുക (₹) | **22400256/04.07.2024/1,26,457/-** |

24.01.2024 – ലെ ലേലപരസ്യ പ്രകാരം നടന്ന ലേലത്തിൽ, ഏഴ് പേർ പങ്കെടുത്തതിൽ ഉയർന്ന നിര രേഖപ്പെടുത്തിയ ശ്രീ മാർട്ടിൻ മാത്യു, പള്ളിവാതുക്കൽ, ഇരട്ടയാർ എന്ന വ്യക്തിക്ക് അഞ്ചുരളി കംഫർട്ട്

2024-2025 വർഷം ഫീസ് പിരിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മറ്റി നൽകിയിരുന്നു. അതിന്റെ
08.02.2024 – ലെ 1230102859 നം. രസീത് പ്രകാരം 18% ജി.എസ്.ടി ഉൾപ്പെടെ ₹1,82,900/- പഞ്ചായത്ത
തുടർന്ന് 01.04.2024 മുതൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചുവെങ്കിലും 08.04.2024 – ത
എന്നിവയുടെ ദൗർലഭ്യം മൂലം സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടു
അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിത്തരണമെന്നും ആയത് പരിഹരിക്കാക്കാത്ത പക്ഷം ലേലക്കരാ
ലേലത്തുക തിരികെകൊടുക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടു. തുടർന്ന് 19.04.2024 – ലെ കത്തി
പൂർണ്ണമായി പിൻമാറുന്നതായി കരാറുകാരൻ അറിയിച്ചു. ഗ്രാമപ്പഞ്ചായത്തിന്റെ 07.05.2024 – ലെ 21(1)
ലേലത്തുകയിൽ നിന്ന് രണ്ട് മാസ വിഹിതവും വൈദ്യുത ചാർജ്ജ് വിഹിതമായ ₹2,744/- ഉൾപ്പെടെ
ചെയ്തതിന് ശേഷമുള്ള തുകയായ ₹1,26,457/- തിരികെ നൽകാൻ പഞ്ചായത്ത് തീരുമാനിച്ചു. ഇതിനെത്തു
പ്രകാരം ടി തുക ശ്രീ മാർട്ടിൻ മാത്യൂവിന് നൽകി.

ഇതുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിക്കുന്ന രീതിയിൽ അപാകങ്ങൾ കാണുന്നു.

1. ലേലക്കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. 1998 – ലെ കേരള പഞ്ചായത്ത് രാജ് കരാറുകൾക്കും പാട്ടക്കാർക്കും ഇളവ് നൽകൽ ചട്ടങ്ങളിലെ,
₹10,000/- ൽ കൂടുതൽ ഇളവനുവദിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർ
തേടിക്കൊണ്ട് കത്ത് നൽകിയെങ്കിലും നാളിതുവരെ സാധൂകരണം ലഭിച്ചില്ല. അപാകങ്ങൾ സംബന്ധ
ആവശ്യപ്പെട്ട് 18.09.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 – ന് മറുപടി നൽകിയില്ല
സാധൂകരണം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സർക്കാരിൽ നിന്നും സാധൂകരണം ലഭി
₹1,26,457/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1–15 വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ – സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഉപ**
**– ₹3,95,235/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 293/25, വയോജനങ്ങൾക്ക് സഹായഉപകരണ പ്രഷർ, ഷുഗർ എന്നിവ നോക്കുന്നതിനുള്ള ഉപകര ഹിയറിംഗ് എയിഡും |
| അടങ്കൽ (₹) | 4,00,000/- (വികസനഫണ്ട് - ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ചെലവ് (₹) | 3,95,235/- |
| ബിൽ നം./തീയതി | 24100852009500550396/17.08.2024 |

മേൽ പദ്ധതി പ്രകാരം, 208 ഗുണഭോക്താക്കൾക്ക് രക്തസമ്മർദ്ദം പരിശോധിക്കുന്നതിനുള്ള
ഗുണഭോക്താക്കൾക്ക് ഷുഗർ പരിശോധിക്കുന്നതിനുള്ള ഉപകരണവും വിതരണം നടത്തുന്നതിന് മുകളിൽ

പ്രകാരം ₹3,95,235/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.ന സബ്സിഡി മാർഗ്ഗരേഖയിലെ, അദ്ധ്യായം 7.1.14 (3) – ൽ, വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ നിർദ്ധനരായ വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, സൗജന്യമായി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനങ്ങൾ നൽ രോഗനിർണ്ണയഉപകരണങ്ങളായ ഷുഗർ, ബ്ലഡ് പ്രഷർ എന്നിവ പരിശോധിക്കുന്നതിനുള്ള വ്യക്തിഗതഗുണഭോക്താക്കൾക്ക് നൽകിയത് സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാ ചെലവഴിച്ചതിന് കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ച് 17.09.2025 – ലെ ഓഡിറ്റ് അന്വേഷണക ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലും ആളുകൾ ആവശ്യപ്പെട്ടതിനാൽ, പഞ്ചായത്ത് കമ്മിറ്റിയുടെ ഡി.പി.സി. അംഗീകാരത്തിന്റെയും അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയതെന്നും പ വാർഡുകളിലെയും ആളുകൾ ചികിത്സയ്ക്ക് ആശ്രയിക്കുന്നത് കാഞ്ചിയാർ എഫ്.എച്ച്.സി. പൊതുയാത്രാസൗകര്യങ്ങൾ കുറവുള്ള ആദിവാസികുടികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും ആ തേടുന്നതിനുള്ള പ്രയാസം കണക്കിലെടുത്താണ് പദ്ധതി നടപ്പാക്കിയതെന്നും ടി പദ്ധതിയുടെ ചെ സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകി മാർഗ്ഗരേഖയിലെ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവഹിച്ചതിനാലും പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതിക്ക് ചെലവഴിച്ച ₹3,95,235/- തടസ്സപ്പെടുത്തുന്നു.

**<u>1-16 വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ – സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഉപ – ₹ 3,99,876/- തടസ്സപ്പെടുത്തുന്നു</u>**

| | |
|---|---|
| പദ്ധതി നം./<br>പദ്ധതിയുടെ പേര് | 136/25, വയോജനങ്ങൾക്ക് സഹായ ഉപകരണ<br>പ്രഷർ, ഷുഗർ എന്നിവ നോക്കുന്നതിനുള്ള ഉപക |
| അടങ്കൽ (₹) | 4,00,000/- (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |
| ചെലവ് (₹) | 3,99,876/- |
| ബിൽനം./തീയതി | 241008520094014449480/06.03.2025 |

മേൽ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നടപ്പിലാക്കിയ, വയോജനങ്ങൾക്ക് സഹ

– പ്രഷർ, ഷുഗർ എന്നിവ നോക്കുന്നതിനുള്ള ഉപകരണം വാങ്ങൽ എന്ന പദ്ധതിയിൽ താഴെ ചേർ

കാണുന്നു.

1. **<u>കുറവ് എണ്ണം ലഭ്യമാക്കിയിരിക്കുന്നു.</u>**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | പ്രെഫോമ ഇൻവോയിസ് പ്രകാരം ലഭ്യമാക്കേണ്ട ഉപകരണങ്ങൾ | ടാക്സ് ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയ ഉപകരണങ്ങൾ | ലഭ്യമാക്കാ ബാക്കിയു ഉപകരണ |
|---|---|---|---|---|
| 1 | ഗ്ലൂക്കോ മീറ്റർ (ON-CALL PLUS,ACON) | 241<br>പ്രെഫോമ ഇൻവോയിസ് നം.PRF3587/ 11.02.2025) | 222<br>ടാക്സ് ഇൻവോയിസ് നം.4514/ 12.06.2025, (217എണ്ണം)<br>നം.8651/23.08.2025 (5എണ്ണം) | 19 |
| 2 | ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് 200'S/ പാക്കറ്റ് | 61<br>പ്രെഫോമ ഇൻവോയിസ് നം.PRF3587/11.02.2025) | 60<br>ടാക്സ് ഇൻവോയിസ് നം.61085/15.03.2025 | 1 |

| | | | | |
|---|---|---|---|---|
| | (50'Sx4 Bottile) (ON-CALL PLUS,ACON) | | | |

പ്രൊഫോമ ഇൻവോയിസ് പ്രകാരം ലഭ്യമാക്കേണ്ട ഉപകരണങ്ങളുടെ എണ്ണത്തിന് പകരം എണ്ണത്തിൽ കു ലഭ്യമാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 18.09.2025) മറുപടി നൽകിയില്ല. ലഭ്യമാകാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുവാ സ്വീകരിക്കേണ്ടതും ആയവ സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

2. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. – നം. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ എന്ന ഖണ്ഡികയിൽ, നിർദ്ധനരായ വയോജനങ്ങൾക്ക് സഹ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ) സൗജന്യമായി നൽകാവുന്നതാണെന്ന് വ്യക്തമാക്ക പ്രസ്തുത ഇനങ്ങൾ നൽകുന്നതിന് പകരം, രോഗനിർണ്ണയഉപകരണങ്ങളായ ഷുഗർ, ബ്ലഡ് പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ വ്യക്തിഗതഗുണഭോക്താക്കൾക്ക് നൽകിയത് ടി സബ്സിഡ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്. ഇപ്രകാരം തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/തീയതി. 18.09.2025) മറുപടി നൽകിയില്ല. സബ്സിഡ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവഹിച്ചതിനാലും പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ ന ലഭിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതിക്ക് ചെലവഴിച്ച ₹3,99,876/- തടസ്സപ്പെടുത്തുന്നു.

**1-17 എം.സി.എഫ് – ൽ അടിസ്ഥാനപശ്ചാത്തലസൗകര്യമൊരുക്കൽ – നിർമ്മാണം പൂർത്തീകരിക്കുവാ തുക വകയിരുത്തിയില്ല.**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 390/25, എം.സി.എഫ്. – ൽ അടിസ്ഥാനപശ്ചാ സൗകര്യമൊരുക്കൽ |
| അടങ്കൽ (₹) | 5,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ചെലവ് (₹) | 4,40,158/- |
| ബിൽ നം./തീയതി | ബിൽ നമ്പർ ലഭ്യമല്ല |

എം.സി.എഫ്. തൊഴിലാളികൾക്ക് വിശ്രമമുറിയും ടോയ്‌ലറ്റും സ്ഥാപിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള മേൽ പ ഭാഗികമായി മാത്രം പൂർത്തീകരിക്കുവാനുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ, പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കണമെങ്കിൽ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതുണ്ട്. ടി കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ടെ

വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.09.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയില്ല. പദ്ധതി പൂർത്തീകരിക്കുന്നതിന് ഭരണസമിതി തുടർനടപടി സ്വീകരിക്കേണ്ടതാണ്.



**1-18 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത്ഫണ്ടിൽ ഒടുക്കുന്നില്ല**

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രവൃത്തിയുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കു ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്.ബി.ഐ. കട്ടപ്പന ശാഖയിലെ 41449753 അക്കൗണ്ടിലാണ് ലഭിക്കുന്നത്. ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമായതിന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത കറന്റ് അക്കൗണ്ടിൽ 31.03.202 നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള തുക അടിയന്തിരമായി പഞ്ചായത്തിന്റെ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

**1-19 ഭവനപുനരുദ്ധാരണം – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 91/2025 വീട് വാസയോഗ്യമാക്കൽ – ധനസം | |
| അടങ്കൽ (₹) | 2,40,000/- | 7,53,000/- (പൊതുവിഭാ |
| | | 16,47,000/- (ധനകാര്യകമ്മീഷ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

ഭവനപുനരുദ്ധാരണപദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും താഴെ പരാമർശിക്കുന്ന ഗുണഭോ വാസയോഗ്യമാക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക (₹) |
|---|---|---|
| 1 | ശ്രീമതി ഓമന തങ്കച്ചൻ, പാറയ്ക്കൽ | 25,000/- |
| 2 | ശ്രീമതി പ്രജീന ചെരുവിളയിൽ | 25,000/- |
| ആകെ | | 50,000/- |

പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം നിയമാനു

ധനസഹായം കൈപ്പറ്റിയ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

